**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സർക്കാർ കോളേജുകളുടെയും അടിസ്ഥാനസൗകര്യം നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | 2016-17 വർഷത്തിലെ ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗ ത്തിലെ 186-ാം ഖണ്ഡികയുടെ അടിസ്ഥാനത്തിലും തുടർന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ കോളേജുകളുടെയും, സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ (കൈ) നം. 285/17/ഉ.വി.വ തീയതി 13.11.2017 പ്രകാരം 48 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ വികസന ത്തിനായി 75 കോടി രൂപയും 7 സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും അഞ്ച് പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും, 9 സർക്കാർ പോളിടെക്നിക്കുക ളുടെ വികസനത്തിനായി 50 കോടി രൂപയും വകയിരുത്തുകയുണ്ടായി. മാത്രമല്ല പുതിയതായി ആരംഭിച്ച 12 ആർട്സ് & സയൻസ് കോളേജു കൾക്കായി 120 കോടി രൂപയും, പുതിയതായി ആരംഭിച്ച കോളേജു കൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്ക ലിനായി 100 കോടി രൂപയും കിഫ്ബി പദ്ധതിപ്രകാരം വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ കേരള സർവ്വ കലാശാലയുടെ നിർമ്മാണ പ്രവർത്ത നങ്ങൾക്കായി 43.52 കോടി രൂപയും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 50.28 കോടി രൂപയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 77.93 കോടി രൂപയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 40.43 കോടി രൂപയും കിഫ്ബി അംഗീ കരിച്ചിട്ടുണ്ട്. കൂടാതെ, CUSAT -നെ അക്കാദമിക് ആന്റ് റിസർച്ചിലെ മികവിനുള്ള |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്ര കേന്ദ്രമായി വികസിപ്പിക്കുന്നതിനായി 91.6 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. KITE, KSITIL, KITCO Ltd, RBDCK തുടങ്ങിയ SPV കൾ മുഖാന്തിരം നടപ്പിലാക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ കിഫ്ബി പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തികളുടെ വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർവ്വകലാശാല, കോളേജ് തലങ്ങളിൽ ഓൺലൈൻ പഠന സംവിധാനം ഒരുക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല കളിലും, കോളേജുകളിലും വിദ്യാർ ത്ഥികൾക്ക് സൗകര്യപ്രദമായ സമയ ക്രമങ്ങളിൽ ഓൺലൈൻ പഠന സംവിധാനങ്ങൾ ഉപയോഗിച്ചു കൊണ്ട് ക്ലാസുകൾ നടത്തുകയും ആവശ്യമായ പഠന സഹായികളും നോട്ടുകളും പി.ഡി.എഫ് രൂപത്തിൽ നൽകുന്നുമുണ്ട്. കുട്ടികളുടെ എണ്ണം, പാഠ്യവിഷയം എന്നിവ പരിഗണിച്ച് വിവിധ ഓൺ ലൈൻ പ്ലാറ്റ് ഫോമുകളിലൂടെ ക്ലാസുകൾ നടന്നു വരുന്നു. കോളേജ് കൗൺസിലുകളുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ ഓൺലൈൻ ക്ലാസുകളുടെ അവ ലോകനവും നടത്തി വരുന്നു. ഇതോടൊപ്പം ഓൺലൈൻ മാധ്യമ ത്തിലൂടെ പഠനം മുന്നോട്ട് കൊണ്ടു പോകുന്നതിനായി ഒരു ഏകീകൃത സംവിധാനമായ എൽ.എം.എസ് (Learning Management System) സംസ്ഥാന മൊട്ടാകെ Let's Go Digital എന്ന പദ്ധതിയായി നടപ്പി ലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ടായിര ത്തോളം യൂണിവേഴ്സിറ്റി/കോളേജ് അധ്യാപകർക്ക് ഒരു പരിശീലന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചു കഴിഞ്ഞു. |
| (സി) | ദേശീയ-അന്തർദ്ദേശീയ ജേർണലുകൾ ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിൽ ഡിജിറ്റൽ ലൈബ്രറി സംവിധാനം സർവ്വകലാശാലകളിലും കോളേജുകളിലും ഏർപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം പരിഗണിച്ച് ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ദേശീയ അന്തർദേശീയ ജേർണലുകൾ ഉൾപ്പെടെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ സർവ്വകലാശാല/കോളേജ് ലൈബ്രറി കളെ പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ് വർക്ക് സംവിധാനമായ Kerala Academic Libraries Network (KALNET)-ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപം നൽകിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉള്ള ലൈബ്രറി കളുടെ നെറ്റ് വർക്കിലൂടെ മറ്റ് ലൈബ്രറികളിലെ വിജ്ഞാന വിഭവ ങ്ങൾ വിദ്യാർത്ഥികൾക്കും, അധ്യാപ കർക്കും ഗവേഷകർക്കും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുവാൻ ഇതിലൂടെ സാധിക്കും. മഹാത്മാ ഗാന്ധി സർവ്വകലാശാല ലൈബ്രറി യിലുള്ള ഏഴായിരത്തിലധികം വരുന്ന ഓൺലൈൻ ദേശീയ അന്തർദേശീയ ജേർണലുകൾ, |

| | | | |
|---|---|---|---|
| | | | ലൈബ്രറി ഉപഭോക്താക്കൾക്ക് മുഴുവൻ സമയവും ലഭ്യമാക്കുന്ന തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. എൽ.ബി.എസ് സെന്ററിന് കീഴിൽ വരുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിലും AICTE–യുടെ സഹായത്തോടെ ഡിജിറ്റൽ ലൈബ്രറി വഴി വെബ് ഓഫ് സയൻസ് എന്ന ജേണൽ പ്ലാറ്റ് ഫോം ലഭ്യമാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഭൂരിഭാഗം എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നിലവിൽ ഡിജിറ്റൽ ലൈബ്രറി സൗകര്യങ്ങൾ ലഭ്യമാണ്. ആയത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രീ കൃത ഡിജിറ്റൽ ലൈബ്രറി സിസ്റ്റം ഒരുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കും AICTE നിഷ്കർഷിക്കുന്ന അന്തർദേശീയ നിലവാരമുള്ള ഇ-ജേണലുകൾ വാങ്ങാനുള്ള ഭരണാനുമതി എല്ലാ വർഷവും നൽകുന്നുണ്ട്. കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള കോളേജുകളിലെ ലൈബ്രറികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്തെ സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യം നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് വിവിധ SPV (Special Purpose Vehicle) -കൾ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

## KITE

| നം | കോളേജിന്റെ പേര് | ജില്ല | അനുവദിച്ച തുക | പൂർത്തിയായത് |
|---|---|---|---|---|
| 1. | ഗവ. കോളേജ് ആറ്റിങ്ങൽ | തിരുവനന്തപുരം | 9.68 Cr. | 92% |
| 2. | ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം | 7.57 Cr. | 27% |
| 3. | കെ.എൻ.എം ഗവ. കോളേജ് കാഞ്ഞിരംകുളം | തിരുവനന്തപുരം | 2.39 Cr. | 95% |
| 4. | എം.എം.എസ് കോളേജ് മലയിൻകീഴ് | തിരുവനന്തപുരം | 7.89 Cr. | 59% |
| 5. | ഗവ. കോളേജ് നെടുമങ്ങാട് | തിരുവനന്തപുരം | 7.63 Cr. | 58% |
| 6. | ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം [KMBR പ്രകാരമുള്ള മാറ്റങ്ങൾ മാസ്റ്റർ പ്ലാനിൽ വരുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.] | തിരുവനന്തപുരം | 4.56 Cr. | 0% |
| 7. | ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ | എറണാകുളം | 5.77 Cr. | 72% |
| 8. | പനമ്പിള്ളി ഗവ. കോളേജ്, ചാലക്കുടി | തൃശ്ശൂർ | 7.19 Cr. | 68% |
| 9. | കെ.കെ.റ്റി.എം കോളേജ്, പുല്ലൂറ്റ്, തൃശ്ശൂർ | തൃശ്ശൂർ | 6.22 Cr. | 77% |
| 10. | അച്യുതമേനോൻ കോളേജ്, തൃശ്ശൂർ | തൃശ്ശൂർ | 10.49 Cr. | 62% |
| 11. | ഗവ. കോളേജ്, തവനൂർ | മലപ്പുറം | 10.24 Cr. | 91% |

# KSITIL

| | | |
|---|---|---|
| 1) കേരളത്തിലെ വിവിധ ജില്ലകളിലായി 8 ആർട്സ് & സയൻസ് കോളേജുകൾ | : | 54 കോടി രൂപ |
| 2) കേരളത്തിലെ വിവിധ ജില്ലകളിലായി 6 എഞ്ചിനീറിങ് കോളേജുകൾ | : | 59.58 കോടി രൂപ |
| 3) ഗവഃ ബ്രണ്ണൻ കോളജ് തലശ്ശേരി | : | 21 .52 കോടി രൂപ |
| 4) കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ നിർമ്മാണ പ്രവർത്തികൾ | : | 43.52 കോടി രൂപ |

പദ്ധതികൾ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രവർത്തികൾ | അംഗീകരിച്ച തുക |
|---|---|---|
| 1 | ഗവഃ ബ്രണ്ണൻ കോളജ് തലശ്ശേരി | രൂ. 21 .52 കോടി |
| 2 | ഗവഃ എഞ്ചി കോളേജ് , ഇടുക്കി | രൂ 14.36 കോടി |
| 3 | ഗവഃ എഞ്ചി കോളേജ്, കണ്ണൂർ | രൂ 9.60 കോടി |
| 4 | ഗവഃ എഞ്ചി കോളേജ്, കോഴിക്കോട് | രൂ 10.60 കോടി |
| 5 | ഗവഃ എഞ്ചി കോളേജ്, വയനാട് | രൂ 6.38 കോടി |
| 6 | ഗവഃ എഞ്ചി കോളേജ്, പാലക്കാട് | രൂ 11.52 കോടി |
| 7 | ഗവഃ എഞ്ചി കോളേജ്, തൃശ്ശൂർ | രൂ 7.12 കോടി |
| 8 | ഗോവിന്ദ് പൈ മെമ്മോറിയൽ ഗവഃ കോളേജ് മഞ്ചേശ്വരം | രൂ 4.86 കോടി |
| 9 | ഇ കെ നായനാർ ഗവഃ കോളേജ് ഇലാരിതട്ട് | രൂ 6.13 കോടി |
| 10 | ഗവഃ കോളേജ് കാസറഗോഡ് | രൂ 7.56 കോടി |
| 11 | എൻ എം എസ് എം ഗവഃ കോളേജ് വയനാട് | രൂ 8.43 കോടി |
| 12 | കെ എം എം ഗവഃ വനിതാ കോളേജ് കണ്ണൂർ | രൂ 7.16 കോടി |
| 13 | ഗവഃ ആർട്സ് &സയൻസ് കോളേജ് മങ്കട | രൂ 5.67 കോടി |
| 14 | എസ് എൻ ജി എസ് കോളേജ് പട്ടാമ്പി | രൂ6.46 കോടി |
| 15 | ടി എം ഗവഃ കോളേജ് തിരൂർ | രൂ 7.33 കോടി |
| 16 | കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ നിർമ്മാണ പ്രവർത്തികൾ | രൂ 43.52 കോടി |
| | **ആകെ** | രൂ **178.21** കോടി |

മേൽപ്പറഞ്ഞതിൽ പദ്ധതികളിൽ തലശ്ശേരിയിലെ ബ്രണ്ണൻ കോളേജിന്റെ നിർമാണത്തിന് കരാറിൽ ഏർപ്പെടുകയും നിർമാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ മൊത്തം അടങ്കൽ തുക 187833070/- രൂപ (നികുതി ഒഴികെ) ആകുന്നു. നാളിതുവരെ 20% ത്തോളം നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു. 2022 ജനുവരി മാസത്തോടുകൂടി എല്ലാ നിർമ്മാണ പ്രവർത്തികളും പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകളുടെയും ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും കേരള യൂണിവേഴ്സിറ്റിയുടെയും നിർമ്മാണ പ്രവർത്തികൾക്ക് സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ കിഫ്ബിയുടെ നിബന്ധന പ്രകാരം 2500 സ്വ. മീറ്ററിന് മുകളിലുള്ള നിർമ്മാണ പ്രവർത്തികൾക്ക് GRIHA 3 STAR മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി നിലവിലെ കെട്ടിടങ്ങളുടെ രൂപകല്പനയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിലേയ്ക്കായുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ടെൻഡർ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## KITCO

| നം. | കോളേജുകളുടെ പേര് | ജില്ല | കിഫ്ബി അംഗീകരിച്ച തുക ( കോടി) | **പ്രവർത്തിയുടെ നില** |
|---|---|---|---|---|
| **I** | **ഗവൺമെൻറ് പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം** | | | |
| 1 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, അടൂർ | പത്തനംതിട്ട | 4.836 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 2 | സെൻട്രൽ പോളിടെക്നിക് കോളേജ് വട്ടിയൂർക്കാവ് | തിരുവനന്തപുരം | 6.04 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 3 | മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് മെമ്മോറിയൽ ഗവൺമെൻറ് പോളിടെക്നിക് കോളേജ്, വെണ്ണിക്കുളം | പത്തനംതിട്ട | 9.514 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 4 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, പെരുമ്പാവൂർ | എറണാകുളം | 9.6 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 5 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, വണ്ടിപ്പെരിയാർ | ഇടുക്കി | 9.95 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 6 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, ചേലക്കര | തൃശൂർ | 3.44 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 7 | ഗവൺമെൻറ് പോളിടെക്നിക് കോളേജ്, മാനന്തവാടി | വയനാട് | 8.22 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 8 | ഗവൺമെൻറ് പോളിടെക്നിക് കോളേജ് ഷൊർണൂർ | പാലക്കാട് | 1.46 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| **II** | **ഹെറിറ്റേജ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം** | | | |
| 9 | ഗവൺമെൻറ് വിക്ടോറിയ കോളേജ്, പാലക്കാട് | പാലക്കാട് | 15.79 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 10 | മഹാരാജാസ് കോളേജ്, എറണാകുളം | എറണാകുളം | 15.94 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 11 | കേരളവർമ്മ കോളേജ്, തൃശൂർ | തൃശൂർ | 14.323 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 12 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം | 20.27 | റീ ടെൻഡർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു |
| **III** | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം | | | |
| 13 | ഗവൺമെൻറ് കോളേജ്, കുന്നമംഗലം | കോഴിക്കോട് | 9.045 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |

| നം. | കോളേജുകളുടെ പേര് | ജില്ല | കിഫ്ബി അംഗീകരിച്ച തുക ( കോടി) | **പ്രവർത്തിയുടെ നില** |
|---|---|---|---|---|
| 14 | ഗവൺമെൻറ് കോളേജ്, ബാലുശ്ശേരി | കോഴിക്കോട് | 9.917 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 15 | ഗവൺമെൻറ് കോളേജ്, നാദാപുരം | കോഴിക്കോട് | 9.215 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 16 | ഗവൺമെൻറ് കോളേജ്, ചൊക്ലി | കണ്ണൂർ | 9.043 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 17 | ടിഎം ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജ്, മണിമലക്കുന്ന് | എറണാകുളം | 5.26 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 18 | ബേബി ജോൺ മെമ്മോറിയൽ ഗവൺമെൻറ് കോളേജ്, ചവറ, കൊല്ലം | കൊല്ലം | 5.28 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 19 | ഗവൺമെൻറ് കോളേജ്, കാര്യവട്ടം | തിരുവനന്തപുരം | 6.52 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 20 | ഗവൺമെൻറ് കോളേജ്, തൃപ്പൂണിത്തുറ | എറണാകുളം | 14.42 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 21 | ഗവൺമെൻറ് കോളേജ്, കോട്ടയം | കോട്ടയം | 8.25 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 22 | ഗവൺമെൻറ് കോളേജ്, കട്ടപ്പന | ഇടുക്കി | 6.34 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 23 | ഗവൺമെൻറ് കോളേജ്, കൊണ്ടോട്ടി | മലപ്പുറം | 6.13 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 24 | പിടിഎം ഗവൺമെൻറ് കോളേജ്, പെരിന്തൽമണ്ണ | മലപ്പുറം | 7.45 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 25 | ഗവൺമെൻറ് കോളേജ്, മലപ്പുറം | മലപ്പുറം | 5.04 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 26 | ഗവൺമെൻറ് കോളേജ്, മൊകേരി | കണ്ണൂർ | 6.99 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 27 | ഗവൺമെൻറ് കോളേജ്, ഉദുമ | കാസർഗോഡ് | 7.84 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 28 | ഗവൺമെൻറ് കോളേജ്, പെരിങ്ങോം | കണ്ണൂർ | 8.32 | റീ ടെൻഡർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു |
| 29 | സികെജി മെമ്മോറിയൽ ഗവൺമെൻറ് കോളേജ്, പേരാമ്പ്ര | കോഴിക്കോട് | 7.95 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 30 | SARBTM ഗവൺമെൻറ് കോളേജ്, കൊയിലാണ്ടി | കോഴിക്കോട് | 5.88 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 31 | ഗവൺമെൻറ് കോളേജ്, മടപ്പള്ളി | കോഴിക്കോട് | 4.32 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 32 | ഗവൺമെൻറ് കോളേജ്, മാനന്തവാടി | വയനാട് | 4.71 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 33 | ഗവൺമെൻറ് കോളേജ്, തൃത്താല | പാലക്കാട് | 7.43 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 34 | ഗവൺമെൻറ് കോളേജ്, അട്ടപ്പാടി | പാലക്കാട് | 11.27 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |

| നം. | കോളേജുകളുടെ പേര് | ജില്ല | കിഫ്ബി അംഗീകരിച്ച തുക ( കോടി) | **പ്രവർത്തിയുടെ നില** |
|---|---|---|---|---|
| 35 | ഗവൺമെൻറ് കോളേജ്, ചേലക്കര | തൃശൂർ | 8.29 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 36 | ഗവൺമെൻറ് കോളേജ്, കോഴിക്കോട് | കോഴിക്കോട് | 3.33 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| **IV** | **പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് ഭൂമി ഏറ്റെടുക്കലും അടിസ്ഥാന സൗകര്യ വികസനവും** | | | |
| 37 | ഗവൺമെൻറ് കോളേജ്, ഇലന്തൂർ | പത്തനംതിട്ട | 15.28 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 38 | CHMKM ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്, കൊടുവള്ളി | കോഴിക്കോട് | 12.19 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 39 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്, പത്തിരിപ്പാല | പാലക്കാട് | 10.15 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 40 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്,താനൂർ | മലപ്പുറം | 19.63 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു. സ്ഥലം ഏറ്റെടുപ്പിന് നടപടികൾ ആരംഭിച്ചു |
| 41 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്ഫോർ വിമൻസ് ഡൗൺഹിൽ, മലപ്പുറം | മലപ്പുറം | 13.85 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 42 | ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തഴവ | കൊല്ലം | 9.84 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| **V** | **യൂണിവേഴ്സിറ്റികളുടെ അടിസ്ഥാന സൗകര്യ വികസനം** | | | |
| 43 | M.G. യൂണിവേഴ്സിറ്റി | കോട്ടയം | 50.28 | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 44 | കാലിക്കറ്റ് യൂണിവേഴ്സിറ്റി | കാലിക്കറ്റ് | 77.93 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |
| 45 | കണ്ണൂർ യൂണിവേഴ്സിറ്റി | കണ്ണൂർ | 40.43 | KIIFB നിർദേശമനുസരിച്ചു GRIHA സ്റ്റാൻഡേർഡിൽ ഡിസൈൻ നവീകരിക്കുന്നു |

## RBDCK

കുസാറ്റ് പദ്ധതികളെ ചുവടെ പറയുന്ന 5 പാക്കേജുകളായി തിരിച്ചിരിക്കുന്നു:

### Package 1 : Developmental activities in Main Campus

അക്കാദമിക് ബ്ലോക്ക്, ഗസ്റ്റ് ഹൗസ്, എഞ്ചിനീയറിംഗ് വിംഗ് ഓഫീസ്, ഫെസിലിറ്റേഷൻ സെന്റർ എന്നിവയുൾപ്പെടുന്ന 62.58 കോടി രൂപയുടെ പ്രവർത്തിയാണ് ഇത്. കരാർ കാലാവധി കഴിയാറായിട്ടും 20% പ്രവൃത്തി പോലും പൂർത്തിയാക്കാത്തതിനാൽ കരാറുകാരായ M/s. Marymatha Infrastructure Pvt. Ltd., നെ 5 വർഷത്തേയ്ക്ക് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ടെർമിനേഷൻ നോട്ടീസ് നൽകുകയും ചെയ്തു. ആർ.ബി.ഡി.സി.കെ.യുടെ ഈ നടപടിക്കെതിരെ കരാറുകാരൻ ബഹു. കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും വിഷയം ഇപ്പോൾ ബഹു. കോടതിയുടെ പരിഗണനയിലുമാണ്.

### Package 2: Construction of Academic Building at Lake side Campus

നിലവിലുണ്ടായിരുന്ന ഒരു നില കെട്ടിടത്തിന് മുകളിലേക്ക് 7 നിലകൾ നിർമ്മിക്കുന്ന 11.64 കോടി രൂപയ്ക്ക് കരാർ നൽകിയ പ്രവർത്തിയാണിത്. ഒന്ന് മുതൽ മൂന്നുവരെ നിലകൾക്കുള്ള നിർമ്മാണ ചിലവ് കുസാറ്റും 4 മുതൽ 7 വരെയുള്ള നിലകളുടെ നിർമ്മാണ ചിലവ് കിഫ്ബിയുമാണ് വഹിക്കുന്നത്. ഈ പ്രവർത്തി 31.08.2021 ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### Package 3: Construction of 110 KV GIS and Upgradation of Electrical System

ഈ പ്രവൃത്തി രണ്ടായി തിരിച്ചിരിക്കുന്നു. കളമശ്ശേരി സബ് സ്റ്റേഷൻ മുതൽ കുസാറ്റ് വരെ 110 കെ.വി. ലൈൻ സ്ഥാപിക്കുന്നതാണ് ഒരു ഭാഗം. ഇത് കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതാണ്. ഇതിനുള്ള നടപടികൾ കെ.എസ്.ഇ.ബി സ്വീകരിച്ചുവരുന്നു. രണ്ടാം ഭാഗമായ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി 13.02.2021 ൽ ടെണ്ടർ ക്ഷണിക്കുകയും ഇതിൽ ഒരു കമ്പനി മാത്രം പങ്കെടുത്തതിനാൽ 15.06.2021 ന് റീ- ടെണ്ടർ ചെയ്തിരിക്കുകയാണ്.

**Package 4: Design, Supply, Installation, Testing, Commissioning and Comprehensive maintenance for 5 years of 735 kWp DC Grid Connected Solar Photo Voltaic System**

ഈ പ്രവൃത്തി റീ- ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**Package 5: Construction of Swimming Pool**

**2.43** കോടി രൂപയ്ക്ക് M/s. Eternity Pools & Gardens -ന് 28.09.2020 ൽ കരാർ നൽകി.

സെക്ഷൻ ഓഫീസർ